## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2312** **12-02-2024 - ൽ മറുപടിയ്ക്ക്**

## കെ.എം.എസ്.സി.എൽ.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കെ.എം.എസ്.സി.എൽ. കോഴിക്കോട് ജില്ല മരുന്ന് സംഭരണ ശാല പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന്റെ ഉടമകളായ കൊയിലാണ്ടി താലൂക്ക് അഗ്രിക്കൾച്ചറൽ സൊസൈറ്റിക്ക് പ്രസ്തുത കെട്ടിടം വാടകയ്ക്ക് നൽകുവാൻ ബന്ധപ്പെട്ട വകുപ്പിൽ നിന്നും (സഹകരണ വകുപ്പ് ) അനുമതി ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | അനുമതി ലഭിച്ചിട്ടില്ല. |
| (ബി) | കെ.എം.എസ്.സി.എൽ.-ൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരേ ജീവനക്കാർ തന്നെ വർഷങ്ങളായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ 5 വർഷത്തിൽ കൂടുതൽ തുടർച്ചയായി ആരും തന്നെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്നില്ല. കോർപ്പറേഷനിലെ എല്ലാ ഡെപ്യൂട്ടേഷൻ നിയമനങ്ങളും സർക്കാർ ഉത്തരവ് പ്രകാരമാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ സേവന കാലയളവിൽ, മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന ഉദ്യോഗസ്ഥരെ ചട്ട പ്രകാരം ഒരോ വർഷവും, പരമാവധി അഞ്ചു വർഷം വരെ, സേവന കാലയളവ് ദീർഘിപ്പിച്ചു നല്കുന്നു. |
| (സി) | 5 വർഷത്തിൽ കൂടുതൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തവർക്ക് തുടർന്നും ഡെപ്യൂട്ടേഷൻ പുതുക്കി നൽകുന്നത് നിക്ഷിപ്ത താല്പര്യം മുൻനിർത്തി ആണെന്നും ആയതിനാൽ ടി ജീവനക്കാരുടെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടേണ്ടതാണെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിർത്തലാക്കാൻ നടപടി കൈക്കൊള്ളുമോ; | (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ 5 വർഷത്തിൽ കൂടുതൽ തുടർച്ചയായി ആരും തന്നെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്നില്ല. കോർപ്പറേഷനിലെ എല്ലാ ഡെപ്യൂട്ടേഷൻ നിയമനങ്ങളും സർക്കാർ ഉത്തരവ് പ്രകാരമാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ സേവന കാലയളവിൽ, മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന ഉദ്യോഗസ്ഥരെ ചട്ട പ്രകാരം ഒരോ വർഷവും, പരമാവധി അഞ്ചു വർഷം വരെ, സേവന കാലയളവ് ദീർഘിപ്പിച്ചു നല്കുന്നു. |
| (ഡി) | കെ.എം.എസ്.സി.എൽ. പർച്ചേസ് മാനേജരാകാൻ അടിസ്ഥാന യോഗ്യതയില്ലാത്ത വ്യക്തിയെ പ്രവൃത്തി പരിചയം മാത്രം അടിസ്ഥാനമാക്കി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | നിയമിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ